# കേരളസർവകലാശാല

നം.പി.ആർ.208/2021

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 മാർച്ച് മാസം നടന്ന മൂന്നാം സെമസ്റ്റർ ബി. എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ID)ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 21 വരെ അപേക്ഷിക്കാം.

കേരളസർവകലാശാല 2021 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സി സുവോളജി, ബോട്ടണി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു സൂക്ഷ്മപരിശോധന അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 23.വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 ഏപ്രിൽ നടത്തിയ നാലാം സെമസ്റ്റർ എം.എഡ് (2018 സ്കീം – റെഗുലർ & സപ്ലിമെന്ററി, 2015 സ്കീം സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അവസാന തീയതി ഒക്ടോബർ 23.

കേരളസർവകലാശാല ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് സപ്ലിമെന്ററി രണ്ട്, നാല്, ഏഴ് സെമസ്റ്റർ (2013 സ്കീം) രണ്ട്, നാല്, അഞ്ച്, ഏഴ് സെമസ്റ്റർ (2008 സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2021 ഒക്ടോബർ 26 വരെ അപേക്ഷിക്കാവുന്നതാണ്.

### പ്രാക്ടിക്കൽ പരീക്ഷ

കേരളസർവകലാശാല 2021 മാർച്ച് മാസത്തിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ 138 2(b) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 20 മുതൽ ആരംഭിക്കുന്നതാണ് വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### സൂക്ഷ്മപരിശോധനയ്ക്ക്

കേരളസർവകലാശാല 2020 മെയ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ്) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾ ടിക്കറ്റുമായി ഒക്ടോബർ 16 മുതൽ 25 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ റീവാലുവേഷൻ സെക്ഷനിൽ (ഇ.ജെ.V) ഹാജരാകേണ്ടതാണ്.

## മേഴ്സി ചാൻസ്

കേരളസർവകലാശാല 2021 ഒക്ടോബർ 18 മുതൽ നടത്താനിരുന്ന ഒന്നും രണ്ടും മൂന്നും നാലും സെമസ്റ്റർ എം.ബി.എ (വിദൂരവിദ്യാഭ്യാസം)മേഴ്സി ചാൻസ് 2009 സ്കീം/ 2009-2014 അഡ്മിഷൻ)ഡിഗ്രി പരീക്ഷകളുടെ ഹാൾടിക്കറ്റുകൾ ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം, യു.ഐ.ടി,കളക്ടറേറ്റ് പി. ഒ ആലപ്പുഴ എന്നീ പരീക്ഷാകേന്ദ്രങ്ങൾ നിന്നും വിദ്യാർത്ഥികൾ കൈപ്പറ്റേണ്ടതാണ് വൈവാവോസി മാത്രം അപേക്ഷിച്ചിട്ടുള്ള വിദ്യാർഥികൾ ഇ.ജിX സെക്ഷനിൽ നിന്ന് ഹാൾടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്.

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം മെയ് 2021 നടത്തിയ ഒന്ന് രണ്ട് സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ മിനി പ്രൊജക്റ്റ്, പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 20 മുതൽ 25 വരെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്ത് വച്ച് നടത്തുന്നതാണ്. ബാച്ച് തിരിച്ചുള്ള വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

## സ്പെഷ്യൽ എക്സാമിനേഷൻ

കേരളസർവകലാശാല രണ്ടാം സെമസ്റ്റർ എം.എ, എം.എസ്സി, എം.കോം സ്പെഷ്യൽ എക്സാമിനേഷൻ ഒക്ടോബർ 26,28 നവംബർ 1, 3 എന്നീ തീയതികളിൽ നടത്തുന്നതാണ് വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

## പി.ജി. ഡിപ്ലോമ ഇൻ ജിയോഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജി – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ജിയോസ്പേഷ്യൽ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ പി.ജി. ഡിപ്ലോമ ഇൻ ജിയോ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സിലേക്ക് (2021 – 22) അഡ്മിഷന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: ജിയോളജി, ജ്യോഗ്രഫി, എൻവിയോൺമെന്റൽ സയൻസ്, കമ്പ്യൂട്ടർസയൻസ്, ഫിസിക്സ് ഇവയിലേതിലെങ്കിലും പി.ജി. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2021 ഒക്ടോബർ 25. ഫോൺ: 0471 2308214. വിശദവി വരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
13.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**